# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3207 — 20.06.2014 -ൽ മറുപടി നൽകേണ്ടത്

### കുട്ടികളുടെ ജനന സർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്തുന്നതിനുള്ള നടപടിക്രമം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ഡോ. എം. കെ. മുനീർ**<br>**പഞ്ചായത്തും സാമൂഹ്യനീതിയും**<br>**വകുപ്പു മന്ത്രി** |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന സർട്ടിഫിക്കറ്റുകളിൽ 6 വയസ്സിനും 14 വയസ്സിനും താഴെയുള്ള കുട്ടികളുടെ പേരിൽ തിരുത്തൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ; | (എ) | മാതാപിതാക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ ഒരിക്കൽ പേരു ചേർത്ത കേസ്സുകളിലും കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിന് മുമ്പായി ഒരു പ്രാവശ്യം തിരുത്തൽ അനുവദിക്കാവുന്നതാണ്. ജനന രജിസ്ട്രേഷൻ സമയത്തോ, അതിനു ശേഷം സ്കൂളിൽ ചേർക്കുന്നതിന് മുമ്പായോ കുട്ടിയുടെ പേര് തെറ്റായി ജനന രജിസ്ട്രേഷനിൽ ചേർത്തുപോയിട്ടുണ്ടെങ്കിൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയുടെയും (പ്രായപൂർത്തിയായ കുട്ടിയുടെ കേസിൽ കുട്ടിയുടെ അപേക്ഷ) സ്കൂൾ രേഖയുടെയും അടിസ്ഥാനത്തിൽ അന്വേഷിച്ച് ബോദ്ധ്യം വന്ന ശേഷം സ്കൂൾ രേഖ പ്രകാരമുള്ള പേരു ചേർക്കാവുന്നതാണ്. ഇതിനായി തെറ്റായ പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലം മാതാപിതാക്കൾ നൽകേണ്ടതും തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുമാണ്. |
| (ബി) പേരിന്റെ സ്പെല്ലിംഗിൽ മാറ്റം വരുത്തുന്നതിന് ഇപ്പോൾ നിലവിലുള്ള നടപടിക്രമം വ്യക്തമാക്കാമോ ; | (ബി) | രജിസ്ട്രേഷനുകളിലെ തെറ്റുകൾ രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുമ്പോഴോ ബന്ധപ്പെട്ട കക്ഷികൾ അപേക്ഷ നൽകുമ്പോഴോ അക്കാര്യം അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് രജിസ്ട്രാർ തിരുത്തൽ വരുത്തേണ്ടതാണ്. അതായത്, ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | വസ്തുതയുടെ നിജസ്ഥിതി തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള തെറ്റുകൾ തിരുത്താവുന്നതാണ്. പേരിലോ മറ്റു വിവരങ്ങളിലോ ഉള്ള അക്ഷരത്തെറ്റുകൾ, റിപ്പോർട്ടിലെ വിവരങ്ങൾ രജിസ്റ്ററിലേയ്ക്ക് പകർത്തിയതിൽ വന്നിട്ടുള്ള തെറ്റുകൾ എന്നിവ ഈ രീതിയിൽ തിരുത്താവുന്നതാണ്. |
| (സി) | സർക്കാർ നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചില തദ്ദേശസ്വയംഭരണ മേലധികാരികൾ ജനന സർട്ടിഫിക്കറ്റിന്റെ പേരിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ ? | (സി) | ജനന രജിസ്ട്രേഷൻ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനും രജിസ്ട്രേഷൻ സംവിധാനത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുമായി ജനന-മരണ രജിസ്ട്രേഷൻ നിയമത്തിന്റെയും ചട്ടങ്ങളുടെയും രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ നൽകിയ സ്പഷ്ടീകരണങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാരും ചീഫ് രജിസ്ട്രാറും പുറപ്പെടുവിച്ച ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിർദ്ദേശങ്ങൾ ക്രോഡീകരിച്ചും 2010-ൽ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ച ശേഷം ജനന-മരണ രജിസ്ട്രേഷൻ സംബന്ധിച്ച ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി വിവിധ സർക്കുലറുകളും സർക്കാർ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയിലെല്ലാം രജിസ് ട്രാർമാർക്കും പൊതുജനങ്ങൾക്കും നിലനിൽക്കുന്ന സംശയങ്ങൾ പരിഹരിച്ചിട്ടുള്ളതുമാണ്. ഇത്തരം മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇത്തരം സംവിധാനത്തിൽ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Rajeena

**സെക്ഷൻ ഓഫീസർ**